<u>**ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്**</u>

<u>**തിരുവനന്തപുരം - 14**</u>

വിഷയം:- ഐ.എം.എസ്. വകുപ്പ് – ജീവനക്കാര്യം – ശ്രീമതി വി. വൽസല, ജൂനിയർ സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, എറണാകുളം – സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 08.10.2013-ലെ ഇ2-16388/2011/ഡി.ഐ.എം.എസ്. നമ്പർ ഉത്തരവ്
2. ബഹു. കേരള അഡ്. ട്രിബ്യൂണലിന്റെ TA No. 1697/2012-മേലുള്ള 10.08.2015-ലെ വിധിന്യായം
3. ശ്രീമതി വി. വൽസല, 14.12.2015 തീയതിയിൽ സമർപ്പിച്ച അപേക്ഷ
4. 07.07.2016-ലെ സർക്കാർ ഉത്തരവ് (കൈ) 104/2016/തൊഴിൽ നമ്പർ ഉത്തരവ്
5. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 20.07.2016 തീയതിയിലെ ഇ2-20741/2015/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്
6. 09.09.2016-ലെ 795741/എഫ് 2/2016/തൊഴിൽ ഇ-നമ്പർ സർക്കാർ കത്ത്
7. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 10.11.2016 -ലെ ഇ2-20741/2015/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്
8. 19.01.2017-ലെ എഫ് 2/93/2016/എൽ.ബി.ആർ നമ്പർ കത്ത്

******

<u>**ഉത്തരവ് നമ്പർ. ഇ2-20741/2015/ഡി.ഐ.എം.എസ്. തീയതി: 21.01.2017**</u>

എൽ.ഡി.ക്ലാർക്കുമാരുടെയും യു.ഡി. ക്ലാർക്കുമാരുടെയും സീനിയോറിറ്റി ലിസ്റ്റിൽ തന്റെ സീനിയോറിറ്റി നിശ്ചയിച്ചത് ശരിയായ ക്രമത്തിലല്ലെന്നും അതിനാൽ തനിക്ക് അർഹതപ്പെട്ട പ്രൊമോഷൻ ലഭിച്ചിട്ടില്ലായെന്നും ആരോപിച്ച് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഹെഡ് ക്ലാർക്ക് ശ്രീമതി വി. വൽസല, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത പരാതിയിന്മേൽ (TA 1697/12) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. ഈ വിധിന്യായത്തിൽ ശ്രീമതി വി. വൽസല, എൽ.ഡി.ക്ലാർക്ക്, യു.ഡി. ക്ലാർക്ക്, ഹെഡ് ക്ലാർക്ക് എന്നീ തസ്തികകളിലെ സീനിയോറിറ്റി ക്രമം സംബന്ധിച്ച് ഉന്നയിച്ചിരിക്കുന്ന അവകാശവാദം പുനഃപ്പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഉത്തരവിട്ടിരുന്നു. പ്രസ്തുത ഉത്തരവുപ്രകാരം ശ്രീമതി വി. വൽസല പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു. ശ്രീമതി വി. വൽസലയെ നേരിൽ കേൾക്കുന്നതിനായി ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ 14.12.2015-ൽ കൂടിക്കാഴ്ച നടത്തുകയും കൂടിക്കാഴ്ചാവേളയിൽ ടിയാൾ ബോധിപ്പിച്ച കാര്യങ്ങളുടെയും എഴുതി സമർപ്പിച്ച വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ രേഖകൾ പരിശോധിക്കുകയും താഴെപ്പറയുന്ന നിഗമനങ്ങളിലെത്തുകയും ചെയ്തു.

....2.....

11.07.1986-ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി വി. വൽസലയെ 18.09.1986-ൽ ആലപ്പുഴ ജില്ലയിലേക്കും തുടർന്ന് 07.12.1987-ൽഎറണാകുളം ജില്ലയിലേക്കും സ്ഥലംമാറ്റുകയുണ്ടായി. മേൽ രണ്ട് സ്ഥലം മാറ്റവും അന്തർജില്ലാസ്ഥലംമാറ്റ പരിധിയിലുൾപ്പെടുത്തിയായിരുന്നു ടിയാളുടെ സീനിയോറിറ്റി ക്രമീകരിച്ചിരുന്നത്. എന്നാൽ ആലപ്പുഴ ജില്ലയിൽ നിന്നും ഒരു എൽ.ഡി. ക്ലാർക്കിന്റെ തസ്തിക എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറാഫീസിലേക്ക് ഷിഫ്റ്റു ചെയ്തുകൊണ്ടായിരുന്നു ടിയാളെ എറണാകുളത്തേയ്ക്ക് സ്ഥലംമാറ്റിയിരുന്നത്. ഈ സ്ഥലംമാറ്റം അന്തർജില്ലാസ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ ടിയാളുടെ എൽ.ഡി.ക്ലാർക്ക് സീനിയോറിറ്റി 18.09.1986 മുതൽ അർഹതപ്പെട്ടതായി കണ്ടെത്തുകയും ടിയാളുടെ എൽ.ഡി.ക്ലാർക്ക് സീനിയോറിറ്റി ക്രമ നമ്പർ 123 നും 124 നുമിടയിലും യു.ഡി.ക്ലാർക്ക് സീനിയോറിറ്റി ക്രമനമ്പർ 103നും 104 നുമിടയിലും വരുമെന്ന് ബോധ്യപ്പെടുകയുമുണ്ടായി. ഇത്തരത്തിൽ സീനിയോറിറ്റി നിശ്ചയിക്കുന്നതിനായി സീനിയോറിറ്റിയിലെ മാറ്റം ബാധകമാകുന്ന ബന്ധപ്പെട്ട കക്ഷികൾക്കെല്ലാം നോട്ടീസ് നൽകുകയും അവരുടെ പരാതികളും ആക്ഷേപങ്ങളും ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ നേരിൽ കേൾക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് ശ്രീമതി വി.വൽസലയുടെ എൽ.ഡി.ക്ലാർക്ക് സീനിയോറിറ്റിക്രമം 123(a) ആയും യു.ഡി.ക്ലാർക്ക് സീനിയോറിറ്റിക്രമം 103(a) ആയും അന്തിമമായി നിർണ്ണയിച്ച് പരാമർശം (4) പ്രകാരം ഉത്തരവാകുകയും അതുപ്രകാരം സീനിയോറിറ്റി പുനഃക്രമീകരിച്ച് ശ്രീമതി വി. വൽസലക്ക് അർഹതപ്പെട്ട ഉദ്യോഗക്കയറ്റം ലഭിച്ചിട്ടില്ലെങ്കിൽ ആയത് പുനഃപ്പരിശോധിക്കണമെന്നും ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം ശ്രീമതി.വി.വൽസലയ്ക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ശ്രീമതി.വി.വൽസലയ്ക്ക് സീനിയോറിറ്റി ലിസ്റ്റിൽ ടിയാളുടെ തൊട്ടു ജൂനിയറിന് പ്രൊമോഷൻ നൽകിയ തീയതി പ്രാബല്യത്തിൽ മുൻകാല കുടിശിക കൂടാതെ നോഷണൽ പ്രൊമോഷൻ ലഭിക്കുന്നതിന് അർഹതയുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാവുന്നതാണെന്നും പരാമർശം (6) പ്രകാരം സർക്കാർ അറിയിച്ചു. തുടർന്ന് ശ്രീമതി.വി.വൽസലയുടെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊമോഷന്റെ പ്രാബല്യതീയതിയായി, മുൻകാല കുടിശിക കൂടാതെ നോഷണൽ ആയി 21.11.2013 ആയി പുതുക്കി നിശ്ചയിച്ചുകൊണ്ടും, 21.11.2014 പൂർവ്വാഹ്നം പ്രാബല്യത്തിൽ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകൊണ്ടും പരാമർശം (7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

ശ്രീമതി.വി.വൽസലയ്ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി യോഗം 21.12.2016-ന് ചേരുകയും സെലക്ട് ലിസ്റ്റിൽ ശ്രീമതി.വി.വൽസലയുടെ സ്ഥാനം ക്രമനമ്പർ (3) ശ്രീ.എ.ശിവപ്രസാദിനും ക്രമനമ്പർ (4) ശ്രീ.സി.വി.വിജയനും മദ്ധ്യത്തിൽ 3A ആയി പുനഃക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. പരാമർശം (8) പ്രകാരം സർക്കാർ പ്രസ്തുത സെലക്ട് ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സെലക്ട് ലിസ്റ്റിൽ ക്രമനമ്പർ (5) ആയ ശ്രീ.യു.കെ.പുരുഷോത്തമനാണ് ശ്രീമതി.വി.വൽസലയുടെ തൊട്ടു ജൂനിയറും സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുകയും ചെയ്ത വ്യക്തി.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ ശ്രീമതി.വി.വൽസലയുടെ തൊട്ടു ജൂനിയറായ ശ്രീ.യു.കെ.പുരുഷോത്തമന് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയ ഉത്തരവ് തീയതിയായ 03.02.2016 പ്രാബല്യത്തിൽ ശ്രീ.വി.വൽസലയ്ക്ക് 36600-79200 ശമ്പളസ്കെയിലിൽ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് മുൻകാല കുടിശ്ശിക ഇല്ലാതെ നോഷണലായി ഉദ്യോഗക്കയറ്റം നൽകിക്കൊണ്ടും ഉത്തരമേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ (കോഴിക്കോട്) ഓഫീസിൽ നിലവിലുള്ള ഒഴിവിൽ ടിയാളെ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ.വി.വൽസലയെ എറണാകുളം ഇ.എസ്.ഐ ആശുപത്രിയിൽ നിന്ന് വിടുതൽ ചെയ്ത തീയതിയും, ടിയാൾ ഉത്തരമേഖലാ ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയും യഥാസമയം അറിയിക്കേണ്ടതും, ആർ.റ്റി.സി അയച്ചുതരേണ്ടതുമാണ്.

**(ഒപ്പ്)**
**ഡോ. അജിത നായർ. ആർ,**
**ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ(I/C)**

സ്വീകർത്താവ്
ശ്രീമതി വി. വൽസല, ജൂനിയർ സൂപ്രണ്ട്,
ഇ.എസ്.ഐ ആശുപത്രി, എറണാകുളം

പകർപ്പ്:-

(1) അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം
(2) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണമേഖല, കൊല്ലം/ മദ്ധ്യമേഖല, എറണാകുളം/ ഉത്തരമേഖല, കോഴിക്കോട്.
(3) സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, എറണാകുളം
(4) ഡയറക്ടറുടെ സി.എ/ജോയിന്റ് ഡയറക്ടർ/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ /സീനിയർ ഫിനാൻസ് ഓഫീസർ
(5) ഫയൽ/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**

Skv-21.1.17